# 2025 SEPTEMBER EDITION

# CHM VOICE.COM
## CHMHSS ELAYAVOOR

Powered by : LittleKites - CHMHSS Elayavoor Unit



സി എച്ച് എം ഹയർ സെക്കറി സ്കൂൾ എളയാവൂർ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന സി എച്ച് എം വോയ്സ്.കോം നമ്മുടെ വിദ്യാലയത്തിന് ഒരു മുതൽ കൂട്ടാകും . ഇതിന് നേതൃത്വം നല്കുന്ന അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സമ്പൂർണ്ണ പിന്തുണ ഉണ്ടാകും. ആശംസകൾ നേരുന്നു **ആഷിക് ഡി വി**(Manager,CHMHSS Elayavoor)



അഭിമാനകരമായ പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് പ്രവർത്തനസജ്ജമാക്കുന്ന സിഎച്ച് എം വോയിസ്.കോമിന് അഭിനന്ദനങ്ങൾ **സി സുഹൈൽ**(Principal,CHMHSS Elayavoor)



നമ്മുടെ ലിറ്റിൽ കൈറ്റ്സ് സി എച്ച് എം വോയിസ് കോം എന്ന പേരിൽ ഒരു ഓൺലൈൻ പത്രം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം അഭിമാനിക്കുന്നു: നമ്മുടെ സ്കൂളിൽ നടക്കുന്ന വിവിധ പരിപാടികൾ രക്ഷിതാക്കളെയും പൊതുജനങ്ങളെയും അറിയിക്കുന്നതോടൊപ്പം പത്രമാധ്യമങ്ങളുടെ പ്രവർത്തന രീതിയും ശൈലിയും മനസ്സിലാക്കാനും അപഗ്രഥിക്കാനും കുട്ടികളെ സഹായിക്കും. ലിറ്റിൽ കൈറ്റ് യൂണിറ്റിനെ നയിക്കുന്ന അധ്യാപകർക്കും കുട്ടികളായ ടീമംഗങ്ങൾക്കും സർവ്വവിധ വിജയാശംസകളും നേരുന്നു

**സുബൈർ മാസ്റ്റർ** (Head Master,CHMHSS Elayavoor)



ലിറ്റിൽ കൈറ്റ്സിന്റെ സി എച്ച് എം വോയ്സ്.കോമിന് വിജയാശംസകൾ
**അബ്ദുൽ റഹ്മാൻ** (PTA PRESIDENT,CHMHSS Elayavoor)

അഭിമാനകരമായ നേട്ടങ്ങൾ ഒപ്പിയെടുത്ത് പ്രകാശിപ്പിക്കാൻ സി എച്ച് എം വോയ്സ്.കോമിന് സാധിക്കട്ടെ **സഹീറ ടി** (MOTHER PTA ,CHMHSS Elayavoor)



## കളർഫുൾ. . . . പവർഫുൾ
# കലോത്സവം











എളയാവൂർ : 2024--26 വർഷത്തെ സ്കൂൾ കലോത്സവം സെപ്തംബർ 24,25(ബുധൻ , വ്യാഴം) തിയ്യതികളിലായി നടന്നു. പ്രശസ്ത മാപ്പിളപ്പാട്ട് ഗായകൻ ആബിദ് കണ്ണൂർ ഉദ്ഘാടനം ചെയ്തു 4 ഗ്രൂപ്പുകളിലായി 4 വേദികളിലായി 57ൽപ്പരം മത്സരയിനങ്ങളിൽ 500ൽപ്പരം മത്സരാർത്ഥികൾ പങ്കെടുത്തു , പി ടി എ പ്രസിഡന്റ് അബ്ദുൽ റഹ്മാൻ അധ്യക്ഷത വഹിച്ചു . സ്കൂൾ മാനേജർ ആഷിക് ഡി വി ഉപഹാര സമർപ്പണം നടത്തി. പുഷ്പജൻ മാസ്റ്റർ , കൃഷ്ണകുമാർ മാസ്റ്റർ,മഹ്മൂദ് മാസ്റ്റർ , ഹബീബ് മാസ്റ്റർ എന്നിവർ സംസാരിച്ചു ഷംഷീർ മാസ്റ്റർ , അതുൽ മാസ്റ്റർ എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി .ഹെഡ്മാസ്റ്റർ സുബൈർ മാസ്റ്റർ സ്വാഗതവും കലോത്സവം കൺവീനർ വിനയൻ മാസ്റ്റർ നന്ദിയും പറഞ്ഞു . 57 മത്സരങ്ങൾ അവസാനിച്ചപ്പോൾ 475 പോയിന്റ് നേടി നിത്യ ടീച്ചർ , സുമയ്യ ടീച്ചർ , ഷംലത്ത് ടീച്ചർ എന്നിവർ നയിക്കുന്ന ഗ്രീൻ ഹൗസ് ചാമ്പ്യന്മാരായി , ജസീല ടീച്ചർ , സീനത്ത് ടീച്ചർ എന്നിവർ നയിക്കുന്ന റെഡ് ഹൌസ് 425 പോയിന്റ് നേടി രണ്ടാം സ്ഥാനം നേടി

## LITTLE KITES 28-2025 BATCH PRELIMINARY CAMP

2025-28 ബാച്ച് ലിറ്റിൽ കൈറ്റ്സ് പ്രിലിമിനറി ക്യാമ്പ് സെപ്തംബർ 29. ഒക്ടോബർ 03 തിയ്യതികളിലായി നടന്നു.ഹെഡ്മാസ്റ്റർ സുബൈർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു , കൈറ്റ് കണ്ണൂർ ജില്ലാ മാസ്റ്റർ ട്രൈനെർ മഖ്ബൂൽ മാസ്റ്റർ നേതൃത്വം നൽകി പി ടി എ പ്രസിഡന്റ് അബ്ദുൽ റഹ്മാൻ വിശിഷ്ടാതിഥിയായി , പുഷ്പജൻ മാസ്റ്റർ , സുമയ്യ ടീച്ചർ , ഷമീം മാസ്റ്റർ , ഷംഷീർ മാസ്റ്റർ , സംഗീത ടീച്ചർ എന്നിവർ സംസാരിച്ചു

## SOFTWARE FREEDOM DAY CELEBRATION

സെപ്തംബർ 20 സോഫ്ട്വെയർ ഫ്രീഡം ഡേ യുമായി ബന്ധപ്പെട്ട് LITTLE KITES യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രതിജ്ഞ , സ്ലൈഡ് പ്രസന്റേഷൻ , പോസ്റ്റർ പ്രദർശനം എന്നീ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ശംശീർ മാസ്റ്റർ,ഷമീംമാസ്റ്റർ,സംഗീത ടീച്ചർ സുമയ്യ ടീച്ചർ എന്നിവർ നേതൃത്വം നൽകി









# ഡോ. അഷ്റഫ് ടി.പി

മുൻ പ്രിൻസിപ്പാൾ , കേയി സാഹിബ് ട്രൈനിംഗ് കോളേജ്

## ജ്ഞാനത്തിന്റെ ജ്വാല, സ്നേഹത്തിന്റെ പ്രകാശം.

ഓരോ കുട്ടിയുടെ ഹൃദയത്തിലും ഒരു തീപ്പൊരി ഒളിഞ്ഞിരിക്കുന്നുണ്ട് , ഉയരങ്ങളിലേക്ക് പറന്നുയരാൻ കാത്തിരിക്കുന്ന ശാന്തമായ ഒരു സ്വപ്നം പോലെ. ആ തീപ്പൊരിയെ, പ്രത്യാശയുടെയും ജ്ഞാനത്തിന്റെയും തിളങ്ങുന്ന ജ്വാലയാക്കുന്ന അത്ഭുതമായ കൈകളാണ് അധ്യാപകന്റേത്. പ്രോത്സാഹനത്തിന്റെ ഓരോ വാക്കിലും, പങ്കുവെക്കുന്ന ഓരോ പാഠത്തിലും, വിശ്വാസത്തിന്റെ ഓരോ പുഞ്ചിരിയിലും, അധ്യാപകർ, വിദ്യാർത്ഥികളുടെ സാധാരണ ദിനങ്ങളെ അത്ഭുതങ്ങളുടെ നിമിഷങ്ങളാക്കി മാറ്റുന്നു.

പ്രിയപ്പെട്ട അധ്യാപകരേ,

നിങ്ങൾ സി.എച്ച്.എം സ്കൂളിന്റെ സൂര്യോദയമാണ് — വിദ്യാർത്ഥികളുടെ മനസ്സുകളെ പ്രകാശം കൊണ്ട് നിറയ്ക്കുന്ന, ഹൃദയങ്ങളെ ഊഷ്മളതയാൽ തൊട്ടുണർത്തുന്ന, ജീവിതപാതകളെ ലക്ഷ്യബോധത്തോടെ നയിക്കുന്ന ഒരു ദിവ്യപ്രകാശം.

പ്രിയപ്പെട്ട വിദ്യാർത്ഥികളേ,

നിങ്ങൾ ആ സൂര്യപ്രകാശത്തിൽ പൂത്തുലഞ്ഞ് നിൽക്കുന്ന മനോഹരമായ പൂന്തോട്ടമാണ് അറിവിന്റെ സുഗന്ധത്തിലും ദയയുടെ മൃദുലതയിലും ധൈര്യത്തിന്റെ നിറങ്ങളിലുമാണ് നിങ്ങൾ വളരുന്നത്.

ഈ അധ്യാപക ദിനത്തിൽ നമുക്ക് ഈ ദിവ്യബന്ധം ആഘോഷിക്കാം ഇവിടെ അധ്യാപനം പ്രവൃത്തിയിൽ സ്നേഹമാകുന്നു, പഠനം ചലനത്തിൽ സന്തോഷമാകുന്നു. ജിജ്ഞാസ ഒരിക്കലും മങ്ങാത്തതും, മൂല്യങ്ങൾ നിലനിൽക്കുന്നതുമായ ഒരു ലോകം നമുക്ക് ഒരുമിച്ച് സൃഷ്ടിക്കാം.

സി.എച്ച്.എം. ഇളയവൂരിലെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത്, മനോഹരമായ ഇപേപ്പറുകൾ പുറത്തിറക്കുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ!

ഓരോ പതിപ്പും നിങ്ങളുടെ സർഗാത്മകതയുടെ, കൂട്ടായ്മയുടെ, പഠനത്തോടുള്ള ആഴമുള്ള സ്നേഹത്തിന്റെ പ്രതിഫലനമായിത്തീരട്ടെ!

നിങ്ങളുടെ വാക്കുകൾ നിങ്ങളുടെ സ്വപ്നങ്ങൾ പോലെ തന്നെ എന്നും തിളങ്ങി എല്ലാവർക്കും പ്രചോദനങ്ങളായി തീരട്ടെ.

## അഫ്റാഹിനെ ചേർത്ത് പിടിച്ച് സി എച്ച് എം

സി എച്ച് എം പൂർവ്വ വിദ്യാർത്ഥിയും ചെക്കിക്കുളം സ്വദേശിയുമായ അഫ്റാഹിന്റെ മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയക്കായി വിദ്യാർത്ഥികളും അധ്യാപകരും കൈകോർത്ത് 2 ലക്ഷം രൂപ നൽകി




## മിന്നും താരകങ്ങൾ



മുഹമ്മദ് ഫജർ



ഫാത്തിമത്തു നിസ

സംസ്ഥാന ഇൻക്ലൂസീവ് കായികമേളയിൽ ഫുട്ബോൾ ടീമിലേക്ക് എട്ടാം തരത്തിലെ മുഹമ്മദ് ഫജറും , മിക്സഡ് ബാഡ്മിന്റണിൽ പത്താം തരത്തിലെ ഫാത്തിമ നിസയും സംസ്ഥാന ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു

## WALK WITH ALL YOUR HEART

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രൊജക്റ്റ്, കണ്ണൂർ സിറ്റി ആസ്റ്റർ മിംസുമായി ചേർന്ന് സെപ്റ്റംബർ 29,ഹൃദയ ദിനാചാരണത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ വാക്കത്തോൺ സംഘടിപ്പിച്ചു.
ഹൃദയ സംബന്ധമായ അസുഖങ്ങളെക്കുറിച്ചും ഹൃദയത്തെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനായി സംഘടിപ്പിച്ച വാക്കത്തോൺ ബഹു. കണ്ണൂർ സിറ്റി ജില്ലാ പോലീസ് മേധാവി ശ്രീ.നിധിൻരാജ് പി IPS Flag off ചെയ്തു.



# ഹിന്ദി ദിനാഘോഷം

ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഹിന്ദി പക്ഷാചരണം സംഘടിപ്പിച്ചു. ഹിന്ദി ദിനത്തിന്റെ ഭാഗമായി 15 പോസ്റ്റർ രചന കവിതാരചന, ഉപന്യാസരചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു.




# വായനോത്സവം

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മലയാളം വിഭാഗം നടത്തിയ വായന ക്വിസ്



# അറ്റ്ലസ് നിർമ്മാണ മത്സരം

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അറ്റ്ലസ് നിർമ്മാണ മത്സരവും , പത്രവായനാ മത്സരവും സംഘടിപ്പിച്ചു



# ശ്രദ്ധേയമായി അറബിക് കലോത്സവം

അറബിക് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അറബിക് കലോത്സവം നടത്തി 18 ഇന മത്സരങ്ങൾക്ക് അറബിക് അധ്യാപകർ നേതൃത്വം നൽകി.

# ഓസോൺ ദിനം

സെപ്തംബർ 16 ഓസോൺ ദിനത്തിന്റെ ഭാഗമായി ഓസോൺ ഫോർ ലൈഫ് എന്ന തലക്കെട്ടിൽ സെമിനാർ പ്രസന്റേഷൻ നടത്തി






സൻഹ ഖുസൈ



വേദ ലക്ഷ്മി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, സമഗ്ര ശിക്ഷാ കേരള, പി എൻ പണിക്കർ ഫൗണ്ടേഷൻ എന്നിവ പി എൻ പണിക്കർ വായനാദിനമാസാചരണം 2025 ന്റെ ഭാഗമായി സംഘടിപ്പിച്ച സാഹിത്യ കൃതികളെ ആസ്പദമാക്കിയുള്ള എച്ച് എസ് വിഭാഗം കവർ പേജ് ഡിസൈൻ മത്സരത്തിൽ കണ്ണൂർ നോർത്ത് ബി ആർ സി തലത്തിൽ സൻഹ ഖുസൈ (സി എച്ച് എം എച്ച് എസ് എസ് എളയാവൂർ) ഒന്നാം സ്ഥാനം നേടി ,

പുസ്തകത്തിനൊരു കത്ത് രചന മത്സരത്തിൽ കണ്ണൂർ നോർത്ത് ബി ആർ സി തലത്തിൽ

വേദ ലക്ഷ്മി (സി എച്ച് എം എച്ച് എസ് എസ് എളയാവൂർ) ഒന്നാം സ്ഥാനം നേടി

# സി എച്ച് എമ്മിന്റെ സാഹിത്യ പ്രതിഭകൾ






കേരളം സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിയ അക്ഷരക്കൂട്ട് കുട്ടികളുടെ സാഹിത്യോത്സവത്തിൽ സ്കൂളിലെ 2 കുട്ടി സാഹിത്യകാരന്മാർ പങ്കെടുത്തു. പത്താം തരം വിദ്യാർത്ഥികളായ മൻമേഘ് , മുഹമ്മദ് സയാൻ ടി പി എന്നിവരാണ് പങ്കെടുത്തത്

# ഇടിക്കൂട്ടിൽ ഇരട്ട മധുരം



സംസ്ഥാന ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ പത്താം തരത്തിലെ ഇരട്ട സഹോദരങ്ങളായ അഭിനവ് സ്വർണ്ണ മെഡലും , അനുലക്ഷ്മി വെള്ളി മെഡലും നേടി

# ഇടിക്കൂട്ടിൽ മിന്നൽ സി എച്ച് എം






# ശാസ്ത്രോത്സവം ; ക്വിസ് മത്സരങ്ങളിൽ സി എച്ച് എം

ശാസ്ത്രോത്സവം വിവിധ ക്വിസ്സ് മത്സരങ്ങളിൽ സി എച്ച് എം ആധിപത്യം . ഐ ടി ക്വിസ്സിൽ ഫാത്തിമ ഷാസി ഒന്നാം സ്ഥാനവും , ഗണിത ക്വിസ്സിൽ ബിഷാറ ബഷീർ ഒന്നാം സ്ഥാനവും , സയൻസ് ടാലന്റ് സെർച്ച് പരീക്ഷയിൽ റഷ്യ അനീസ് രാമ സ്ഥാനവും നേടി ജില്ലാ തല മത്സരങ്ങളിലേക്ക് യോഗ്യത നേടി





# NMMS പരിശീലനം ആരംഭിച്ചു

ഈ വർഷം ിാം പരീക്ഷ എഴുതുന്ന എട്ടാം തരാം വിദ്യാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറാവുന്ന തരത്തിൽ തീവ്ര പരിശീലനത്തിന് തുടക്കമായി.

പി സി മഹ്മൂദ് മാസ്റ്ററുടെ നേതൃത്വത്തിൽ സ്കൂളിലെ വിവിധ വിഷയാധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു



# NMMS: രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ്

ഈ വർഷം NMMS പരീക്ഷ എഴുതുന്ന എട്ടാം തരാം കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു , ഡോ.ആഷിക് ഉദ്ഘാടനം ചെയ്തു



# ദേശാഭിമാനി അക്ഷരമുറ്റം ടാലന്റ് ഫെസ്റ്റ് സ്കൂൾ തല വിജയികൾ

ദേശാഭിമാനി അക്ഷരമുറ്റം TALENT FEST 2025 SEASON 14



ബിഷാറ ബഷീർ



ഋതുനന്ദ്



# സി എച്ച് പ്രതിഭാ ക്വിസ്സ് സീസൺ 07 സ്കൂൾ തല വിജയികൾ

